Draft #1 of File 67418/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 29-Apr-2022 11:00 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷ (CAT MGU 2022) 27.05.2022 (വെള്ളി), 29.05.2022 (ഞായർ) ദിവസങ്ങളിൽ നടത്തുവാനും പ്രസ്തുത തീയതിയ്ക്ക് ഇടയിൽ വരുന്ന 28.05.2022 ന് (ശനി) തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി ലീവ് അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4502/AC B 7/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.04.2022

---

*പരാമർശം:-*(1) സർവ്വകലാശാല ഉത്തരവ് നമ്പർ 4211/ACB 7/2022/എം.ജി.യൂ തീയതി 23.04.2022

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷ (CAT MGU 2022) 27.05.2022, 28.05.2022,29.05.2022 ദിവസങ്ങളിൽ നടത്തുന്നതിൻറെ സാധുത പരിശോധിക്കുവാൻ മേൽ പരാമർശം പ്രകാരം ഉത്തരവ് ആയിരുന്നു.

എന്നാൽ 28.05.2022 ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പൊതു പരീക്ഷയും സി.ബി.എസ്.ഇ നടത്തുന്ന പരീക്ഷയും നടക്കുന്നതിനാൽ അന്നേ ദിവസം നടത്തുവാൻ നിശ്ചയിച്ച പരീക്ഷാ ഒഴിവാക്കുവാനും പകരം 27.05.2022 (വെള്ളി), 29.05.2022 (ഞായർ) ദിവസങ്ങളിൽ പരീക്ഷാ നടത്തുവാനും പ്രസ്തുത തീയതികൾക്കിടയിൽ വരുന്ന 28.05.2022 ന് (ശനി) തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് അന്നേ ദിവസം ഡ്യൂട്ടി ലീവ് അനുവദിക്കുവാനും ബഹു. വൈസ് ചാൻസലർ ഉത്തരവ് ആയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(2) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്

(3) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(4) എ.ആർ 4 (അക്കാദമിക് )

(5) ഐ.റ്റി സെൽ, എ.ആർ 21 (പരീക്ഷ), എ.ഡി.ബി 5

(6) സർവ്വകലാശാല വെബ്സൈറ്റ്

Draft #1 of File 67418/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 29-Apr-2022 11:00 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം